# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 91 — 13.06.2013 ൽ മറുപടിക്ക്

## സ്കൂൾ ഫെയറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |

(എ) സംസ്ഥാനത്ത് സപ്ലൈകോ എത്ര വർഷമായി സ്കൂൾ ഫെയറുകൾ നടത്തി വരുന്നു; ഈ സർക്കാർ അധികാര മേറ്റശേഷമുള്ള ഓരോ വർഷത്തേയും ലഭിച്ച വിറ്റുവരവ് വെളിപ്പെടു ത്തുമോ;

(എ) 1998 മുതലാണ് സപ്ലൈകോ ഭക്ഷ്യ ധാന്യങ്ങളുടെ മാർക്കറ്റിടപെടൽ പദ്ധതിക്കു പുറമേ വിദ്യാർത്ഥികൾക്കായി സ്കൂൾ വിപണിയിലെ നോട്ടു ബുക്കുകളുടെ വിലവർദ്ധനവ് പിടിച്ചു നിർത്താൻ 'ശബരി' ബ്രാൻഡിൽ നോട്ട് ബുക്കുകളുമായി സ്കൂൾ ഫെയറുകൾ സംഘടിപ്പിച്ചു തുടങ്ങിയത്. സപ്ലൈകോ ഉത്സവ കാലങ്ങളിൽ പ്രത്യേക ചന്തകൾ നടത്താറുള്ളതുപോലെ സ്കൂൾ ഉൽപ്പന്നങ്ങൾക്കു മാത്രമായി പ്രത്യേക സ്കൂൾ ഫെയറുകൾ സംഘടിപ്പിക്കാറില്ല. സപ്ലൈകോ യുടെ വിൽപ്പന ശാലകളോടനുബന്ധിച്ചാണ് എല്ലാ വർഷവും സ്കൂൾ ഫെയറുകൾ സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട് ബുക്ക്, ബാഗ്, ഇൻസ്ട്രമെന്റ് ബോക്സ്, പെൻസിൽ, പേന, കുട മുതലായവ സപ്ലൈകോ വിൽപ്പന ശാലകളിൽ സജ്ജീകരിച്ച് പ്രത്യേക കൗണ്ട റുകൾ വഴി ലഭ്യമാക്കിവരുന്നു.

2011-12 അദ്ധ്യയന വർഷത്തിൽ 243.89 ലക്ഷം രൂപയുടേയും 2012 - 13 അദ്ധ്യയന വർഷത്തിൽ 244.25 ലക്ഷം രൂപയുടേയും ശബരി നോട്ട് ബുക്കുകൾ സ്കൂൾ ഫെയറുകൾ വഴിയും സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്. മറ്റു പഠനോപകരണങ്ങളായ ഇൻസ്ട്രുമെന്റ് ബോക്സ്, പേന, പെൻസിൽ, കുട, ബാഗുകൾ മുതലായവയുടെ വിറ്റു വരവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| 2011-12 , 2012-13 വർഷങ്ങളിലെ സപ്ലൈകോ സ്ക്കൂൾ ഫെയറിലെ ശബരി നോട്ടുബുക്ക് ഒഴികെയുള്ള ഇനങ്ങളുടെ വിറ്റ് വരവ് കണക്കുകൾ | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | വിറ്റ് വരവ് | |
| | | 2011-12 (രൂപ യിൽ) | 2012-13 (രൂപ യിൽ) |
| 1 | ശബരി നോട്ടു ബുക്ക് ഒഴികെ യുള്ള നോട്ട് ബുക്കുകൾ | 477652.55 | 2864114.64 |
| 2 | ഇൻസ്ട്രമെന്റ് ബോക്സ് | 288167.99 | 254530.74 |
| 3 | സ്കൂൾ ബാഗുകൾ | 643802.29 | 1037676.36 |
| 4 | കുടകൾ /റെയിൻ കോട്ട് | 156574.63 | 91477.66 |
| 5 | വാട്ടർ ബോട്ടിൽ | 46483.54 | 91705.63 |
| 6 | ബുക്ക് ബൈൻഡിംഗ് പേപ്പർ | 369002.67 | 758334.85 |
| 7 | പെൻസിൽ/ പെൻ/റബർ/ സ്കെയിൽ..... | 631444.29 | 789279.03 |
| 8 | ലഞ്ച് ബോക്സ് | 34058.83 | 56533.43 |
| 9 | മറ്റു സ്കൂൾ ഫെയർ ഇനങ്ങൾ | 174685.58 | 168581.89 |
| | ആകെ | 2821872.37 | 6112234.23 |

2013-14 സ്ക്കൂൾ ഫെയറിലെ കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) വിദ്യാലയ വർഷാരംഭം യഥാസമയം സ്കൂൾ ഫെയറുകൾ ആരംഭിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 2013 വിദ്യാലയ വർഷാരംഭത്തിനു മുൻപ് തന്നെ യഥാസമയം സ്കൂൾ ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം സാധനങ്ങളാണ് സ്കൂൾ വിപണിയിൽ ലഭ്യമാക്കിയിരുന്നതെന്ന് വിശദമാക്കുമോ?

(സി) വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട് ബുക്കുകൾ, പെൻസിൽ, പേന, ഇൻസ്ട്രമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയവ ശരാശരി 20% വിലക്കുറവിൽ സപ്ലൈകോ സ്കൂൾ ഫെയറുകൾ വഴി ലഭ്യമാക്കി വരുന്നു.

Beenau

സെക്ഷൻ ഓഫീസർ